മാനത്ത് തെളിഞ്ഞൊരു താരകമേ
മലങ്കരമക്കളുടെ വഴികാട്ടിയായി
മലങ്കരസഭയുടെ കോട്ടയായി
മേൽപ്പട്ടക്കാരനായ മാർ ദിവന്നാസ്യോസ്
ദ്വിഭാഷ ശീലിച്ച സിദ്ധാൻ
സമുദായക്കേസ്സിൽ സമ്മതനായി
സഭാ ജീവനായി പോരാട്ടത്തിൽ
സഭാ ഭാസുരനായി ജനഹൃദയങ്ങളിൽ
ദേഹരക്ഷക്കെത്തിയ പാപ്പി തൻ മൃതദേഹത്തെ
ഹൃദയവേദനയോടെ നോക്കാനാവാതെ
നയനങ്ങളിൽ അശ്രുകണങ്ങളാൽ
തളർന്നുകിടന്നു മാർ ദിവന്നാസ്യോസ്
മല്ലപ്പള്ളിയിൽ നിന്നും മലങ്കരയിലെത്തി
മണിമലയാറിന്റെ വിരിമാറിലൂടെ
ജീവിതസംസ്കാരം സ്വന്തമാക്കി
ആത്മാവിലും സത്യത്തിലും മക്കളെ
അലിവോടെ ശിക്ഷിക്കാനും
ആപത്തിൽ നിന്നും രക്ഷിക്കാനും
അൻപുടയോനോട് അപേക്ഷിക്കണമെ.
അലിവ് തോന്നാൻ യാചിക്കണമെ.






# സഭാ ഭാസുരൻ

ബിജോയ് ശാമുവേൽ അബുദാബി